LIBRARY ARCHIVES Kerala Legislative Assembly

നഗരത്തിലെ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം

2 [3172] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരത്തിലെ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയപ്രകാരം ഉള്ള കൈവശഭൂമിയോട് ചേർന്നു കിടക്കുന്ന സ്ഥലത്തിനും പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്രകാരം പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ ഉടനെ തീരുമാനമെടുക്കുമോ;

(സി) അഞ്ചു സെന്റിൽ കുറവുള്ള പട്ടയമില്ലാത്ത നഗരഭൂമി കൈവശക്കാർക്ക് പതിച്ചു നൽകി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടയ ഭൂമിയോട് ചേർന്ന് കിടക്കുന്ന പട്ടദാരുടെ കൈവശത്തിലുള്ള പുറംപോക്കു ഭൂമി പട്ടയ വസ്തുവിന്റെ നടത്തിപ്പിന് ആവശ്യമാണെങ്കിൽ ടി ഭൂമി കേരളാ ഭൂമി പതിവ് ചട്ടങ്ങളിലെ "ബെനിഫിഷ്യൽ എൻജോയ്മെന്റ്" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഇങ്ങനെ പട്ടയം അനുവദിക്കുമ്പോൾ ടി ഭൂമി പൊതു ആവശ്യത്തിനുവേണ്ടിവരില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമുണ്ട്.

(ബി) അർഹത ഉള്ളവർക്ക് പട്ടയം നൽകാൻ നിയമാനുസൃതമായ നടപടി സ്വീകരിക്കാറുണ്ട്.

(സി) ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്.

സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ ലഭിക്കാനുള്ള കുടിശ്ശിക

3 [3173] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ സർക്കാരിന് എത്ര രൂപ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പാട്ടക്കുടിശ്ശികയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ഡി) പാട്ടക്കുടിശ്ശിക ഇനത്തിൽ 10 ലക്ഷത്തിനുമേൽ കുടിശ്ശിക വരുത്തിയ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ പേരു വിവരവും അവരിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശവും വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 14-5-2004-ലെ ജി.ഒ.(പി) നം. 126/04/ആർ.ഡി ഉത്തരവ് പ്രകാരം പാട്ട നിരക്ക് കുറച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

വിതരണം ചെയ്യാനുള്ള മിച്ചഭൂമി

4 [3174] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ദരിദ്ര ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഗവൺമെന്റ് ഏറ്റെടുത്തതും വിതരണം ചെയ്യാനുള്ളതുമായ മിച്ചഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) മിച്ചഭൂമിക്കുവേണ്ടി എത്ര വീതം അപേക്ഷകളാണ് തീർപ്പ് കല്പിക്കാനായി ഓരോ ജില്ലയിലും ഉള്ളതെന്നു വ്യക്തമാക്കുമോ.;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ ജില്ലയിലും എത്ര വീതം മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും ഓരോ ജില്ലയിലെ ഗുണഭോക്താക്കളുടെ എണ്ണവും വെളിപ്പെടുത്താമോ;

(ഡി) മിച്ചഭൂമിക്കുവേണ്ടി അപേക്ഷ നൽകിയിട്ടുള്ളവരുടെ അപേക്ഷകൾ തീർപ്പു കല്പിച്ച് ഭൂമി വിതരണം നടത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly